ഉത്തരം

(എ—സി) വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ കെ.എസ്.ടി.പി.-യിൽപ്പെട്ട പെർഫോർമൻസ് ബേസ്ഡ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് സ്കീമിൽ (PBMMS) ഉൾപ്പെടുത്തിയ റോഡുകളിൽ ടെക്നിക്കൽ പരിശോധനയും അനുമതിയും തേടാതിരുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും) വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. വിയോജിപ്പ് പ്രകടിപ്പിച്ച റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഈ ജില്ലകളിൽ ഏറ്റെടുത്തിരുന്ന റോഡുകൾ അറ്റകുറ്റപ്പണിയും നവീകരണവും ആവശ്യമായവയായിരുന്നു.

വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതി

32 [584] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതി നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്തെന്ന് വിശദീകരിക്കുമോ;

(ബി) കെ.എസ്.ടി.പി.-യിൽ എത്ര കോടി രൂപയുടെ പദ്ധതി വികസനമാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന റോഡ് വികസന പദ്ധതി (കെ.എസ്.ടി.പി.) പണികൾ നിർത്തിവച്ചിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായ പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ് & മാനേജ്മെന്റ് പദ്ധതി (പി. ബി. എം. എം. എസ്.)-യിൽ ഉൾപ്പെടുത്തുന്നതിനുള്ള റോഡുകൾ തെരഞ്ഞെടുക്കുന്ന നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോടതി സ്റ്റേ നീക്കുകയും കേസ് തള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) 1600 കോടി രൂപയുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

റോഡുവികസനപദ്ധതിയുടെ നടപടികൾ സ്റ്റേ ചെയ്തതിനുള്ള കാരണം

33 [585] ശ്രീ. പി. എസ്. സുപാൽ:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന റോഡ് വികസന പദ്ധതിയുടെ തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റേ ചെയ്തുകൊണ്ട് കോടതി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കി വരുന്ന റോഡുവികസന പദ്ധതി (കെ. എസ്. ടി. പി.)-യുടെ ഭാഗമായ പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് പദ്ധതി എന്ന ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 100 കി. മീ. റോഡുകൾ തെരഞ്ഞെടുക്കുന്ന നടപടികൾ ഗവൺമെന്റ് തന്നെ പുന:പരിശോധിക്കണമെന്ന് കോടതി പറഞ്ഞിരുന്നു. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കേസ് കോടതി 14-1-2004-ൽ തള്ളി.

നാഷണൽ ഹൈവേ 17-ന്റെ വികസനം

34 [586] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ 17-ന്റെ വികസനത്തിന് കഴിഞ്ഞ വർഷം എന്തു തുക ചെലവാക്കി;

(ബി) ഈ വർഷം എന്തു തുക ചെലവാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കാസർഗോഡ് ഡിവിഷനുകീഴിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എന്തെല്ലാം പ്രവർത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 4803.05 ലക്ഷം രൂപ.

(ബി) 4181.92 ലക്ഷം രൂപ.

(സി) വിശദവിവരം ചുവടെ ചേർക്കുന്നു:

നമ്പർ	*പ്രവൃത്തിയുടെ പേര്*	*തുക (രൂപ)*
1.	(a) 75mm BUSG and 20MM MSS Type A കി. മീ. 52/350 മുതൽ 63/00 വരെ (a) 75mm BUSG and 20MM MSS Type A കി. മീ. 94/00 മുതൽ 104/00 വരെ	369 ലക്ഷം
2.	പടന്നക്കാട്, പള്ളിക്കര മേൽപ്പാലങ്ങൾ ..	500 ലക്ഷം
3.	വെള്ളൂർ പാലം ..	400 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly